## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4163 | 12.11.2019 ൽ മറുപടിക്ക്

### സംരംഭങ്ങൾക്കുള്ള കെ.എസ്.ഐ.ഡി.സി. സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എസ്.ശബരീനാഥൻ : | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പത്ത് കോടി രൂപ വരെ മുതൽമുടക്കുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) | പത്ത് കോടി രൂപ വരെ മുതൽ മുടക്കുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി നേടുന്നതിൽ മൂന്ന് വർഷം വരെ സർക്കാർ ഇളവ് നൽകുന്നതിനായി 2019 ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ 07.11.2019 ൽ കേരള നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. |
| (ബി) | പത്ത് കോടി രൂപയിൽ കൂടുതൽ നിക്ഷേപം ആവശ്യമുള്ള സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. എന്ത് സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഐ.പി.എഫ്.സി. സംരംഭകർക്കായുള്ള എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകുന്നതിന് വേണ്ടിയാണ് രൂപീകരിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ പ്രസ്തുത IPFC യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ വരുന്ന സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിനും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും വേണ്ട സഹായം നല്കുക, കെ-സിഫ്റ്റിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുക തുടങ്ങിയവയാണ് ഇവരുടെ പ്രധാന ജോലികൾ.<br><br>കൂടാതെ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഇൻവെസ്റ്റ്മെൻറ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br><br>എന്നാൽ നിലവിലുള്ള സംരംഭകരിൽ 15 കോടി രൂപയിൽ താഴെയുള്ള സംരംഭങ്ങൾക്ക് ആവശ്യമായി വരുന്ന ലൈസൻസുകൾ, അനുവാദങ്ങൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ, പരിശോധനകൾ എന്നിവ ലഭിക്കുന്നതിനായി കളക്ടർ ചെയർമാൻ ആയ ഡിസ്ട്രിക്ട് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനേയും 15 കോടി രൂപയിൻമേലുള്ള സംരംഭങ്ങൾക്ക് ആവശ്യമായി വരുന്ന ലൈസൻസുകൾ, അനുവാദങ്ങൾ, |

| | | | |
|---|---|---|---|
| | | | അംഗീകാരങ്ങൾ, ക്ലിയറൻസുകൾ, പരിശോധനകൾ എന്നിവ ലഭിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാൻ ആയ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനേയും സമീപിച്ചു ലഭ്യമാക്കാവുന്നതാണ് ഇത് കൂടാതെ സംസ്ഥാനത്ത് ഇടത്തരം/വൻകിട വ്യവസായ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി 3500 ലക്ഷം രൂപ വരെയുള്ള ലോണുകൾ കെ.എസ്.ഐ.ഡി.സി. നല്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**